## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1652 | | 01.11.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| തിരുവനന്തപുരം നഗരസഭയ്ക്ക് പിഴ ചുമത്തുവാൻ നോട്ടീസ് | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.കെ.എസ്.ശബരീനാഥൻ | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്താത്തത് മൂലം മലിനീകരണ നിയന്ത്രണ ബോർഡ് തിരുവനന്തപുരം നഗരസഭയ്ക്ക് പിഴ ചുമത്തുവാൻ നോട്ടീസ് നൽകിയിട്ടുണ്ടോ; | (എ) | ബഹു.നാഷണൽ ഗ്രീൻ ട്രിബ്യൂണൽ OA നമ്പർ 606/2018-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തിരുവനന്തപുരം നഗരസഭയ്ക്ക് നൽകിയ കാരണം കാണിക്കൽ നോട്ടീസിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്താത്തത് സംബന്ധിച്ചും പരാമർശിച്ചിട്ടുണ്ട്. |
| (ബി) | ഇത് നഗരസഭയെ താറടിച്ച് കാണിക്കുവാനാണെന്ന ആക്ഷേപം തിരുവനന്തപുരം നഗരസഭ രേഖാമൂലം നൽകിയിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ നിലവിലെ തസ്തികയിൽ എത്തുന്നതിന് മുമ്പ് വേയ്സ്റ്റ് എനർജി പ്ലാന്റ് എന്ന കേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതിയുമായി തിരുവനന്തപുരം നഗരസഭയെ സമീപിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ; | (സി) | സമീപിച്ചിരുന്നു |
| (ഡി) | നഗരസഭയുടെ സാങ്കേതിക സമിതി പ്രസ്തുത രൂപരേഖ പരിശോധിച്ച് അതിന്മേൽ എടുത്ത തീരുമാനം എന്തായിരുന്നു; | (ഡി) | വേസ്റ്റ്-ടു-എനർജി പ്ലാന്റ് സംബന്ധിച്ച് ഒരു പ്രസന്റേഷൻ നടത്തുകയും അതിന്മേൽ നഗരസഭ ഭരണസമിതി അംഗങ്ങളും സാങ്കേതിക സമിതി അംഗങ്ങളും, ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥരും ചർച്ച നടത്തി പ്രസ്തുത പദ്ധതി അനുയോജ്യമല്ല എന്ന് നിഗമനത്തിലെത്തുകയുമായിരുന്നു. |
| (ഇ) | നഗരസഭ ഏർപ്പെടുത്തിയ പൈപ്പ് കമ്പോസ്റ്റ്, കിച്ചൻ ബിൻ എന്നിവ പരാജയമാണെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് കണ്ടെത്തിയിട്ടുണ്ടോ; അത് വസ്തുതാപരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഇ) | നഗരസഭ ഏർപ്പെടുത്തിയ പൈപ്പ് കമ്പോസ്റ്റ്, കിച്ചൻ ബിൻ എന്നിവ പരാജയമാണെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയ നോട്ടീസിൽ പരാമർശമുണ്ട്. ആയത് വസ്തുതാപരമല്ലായെന്ന് നഗരസഭ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. നഗരസഭയുടെ ആരോഗ്യ വിഭാഗവും, സാങ്കേതിക സമിതിയും പരിശോധനയും തുടർ പരിശോധനയും നടത്തി പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ